LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതി നിർവ്വഹണം

116 (2354) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി കാരണം വാർഷിക പദ്ധതി നിർവ്വഹണം മന്ദഗതിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് എത്ര ശതമാനമാണ്; ഇതിന്റെ വകുപ്പുതല വിശദാംശം ലഭ്യമാക്കാമോ ; പദ്ധതി നിർവ്വഹണ പുരോഗതിയുടെ പ്രതിമാസ കണക്കുകൾ വിശദമാക്കാമോ ; പിന്നിട്ട രണ്ടു ക്വാർട്ടറുകളിൽ എത്ര ശതമാനം വീതം പദ്ധതി ചെലവുണ്ടായി ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ശേഷിച്ച കാലയളവിൽ ആവശ്യമായ തുക നൽകുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) 'പ്ലാൻ സ്പേസി'-ലെ കണക്കുകൾ പ്രകാരം 2013-14-ലെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഒക്ടോബർ 31 വരെ 25.4% ആയിരുന്നു. എന്നാൽ 2014-15-ലെ വാർഷിക പദ്ധതി പുരോഗതി ഒക്ടോബർ 31 വരെ 25% ആണ്.

(ബി) 31-10-2014 വരെ 'പ്ലാൻ സ്പേസ്'-ൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈ വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് 25% ആണ്. വകുപ്പുതല വിശദാംശം അനുബന്ധം I-ൽ ചേർക്കുന്നു.* പദ്ധതി നിർവ്വഹണ പുരോഗതിയുടെ പ്രതിമാസ കണക്കുകൾ അനുബന്ധം II-ൽ ചേർക്കുന്നു.* പിന്നിട്ട ക്വാർട്ടറുകളിൽ യഥാക്രമം 2.73%, 14.40% പദ്ധതി വിഹിതം ചെലവായിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് നിലവിൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സാമ്പത്തിക വർഷത്തെ ശേഷിച്ച കാലയളവിലെ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അധിക വിഭവ സമാഹരണ (ARM) നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.